020471

'ഭരണഭാഷ–മാതൃഭാഷ'

എ.പി.സി.2-1398/16

എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി :07-06-2016

പ്രേഷകൻ
എക്സൈസ് കമ്മീഷണർ,
തിരുവനന്തപുരം

ഗ്രാഹകൻ
ഡയറക്ടർ,
കോളേജിയറ്റ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:-ലഹരി വിരുദ്ധ ബോധവൽക്കരണം - "അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം 2016 ജൂൺ 26" -ന് സംസ്ഥാനത്തെ കോളേജുകളിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുന്നത്-സംബന്ധിച്ച്.

സൂചന:-2016 ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണ നിർദ്ദേശം.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിൻെറ ഭാഗമായി 2016 ജൂൺ 26-ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മദ്യ-മയക്കുമരുന്നുകളുടെ ഉപഭോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ബോധവത്ക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും രാവിലെ നിശ്ചിതസമയത്ത് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് താൽപര്യപ്പെടുന്നു. പ്രതിജ്ഞാ വാചകം ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ,

എക്സൈസ് കമ്മീഷണർക്കുവേണ്ടി

മേലെഴുത്ത് നം.ജി 4/20471/2016/കോ.വി.വ തീയതി. 16/06/2016

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ***2016 ജൂൺ 27*** - ന് ***രാവിലെ 10 മണിക്ക്*** ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലേണ്ടതും ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാർ/ ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ, ആയത് നടപ്പിലാക്കി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഒപ്പ്)
ഡോ.എ.എൻ.പത്മകുമാരി
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ഇൻ ചാർജ്ജ്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

*എസ്.ഒ 16/6/2016*

# ലഹരി വിരുദ്ധ പ്രതിജ്ഞ

മദ്യം, മയക്കുമരുന്ന്, പുകയില, പാൻമസാല, തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ വ്യക്തികളേയും, കുടുംബങ്ങളേയും ആരോഗ്യപരമായും സാമ്പത്തികമായും, സാമൂഹികമായും, സംസ്കാരികമായും നശിപ്പിക്കുന്ന സാമൂഹ്യ വിപത്താണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. ആയതിനാൽ ഏതെങ്കിലും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുകയോ അത് ഉപയോഗിക്കുവാൻ മററുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്യുകയില്ലെന്നും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുത്ത് എൻേറതായ കടമ നിറവേററുമെന്നും, ലഹരി വിമുക്ത സമൂഹത്തിനായി പ്രയത്നിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

S.O
16/6/16.